**THE KERALA STATE COIR CORPORATION LTD.**

COIRCRAFT

Department of Coir Development
Government of Kerala

KSCC(B)/TENDER/2026-27/14 29.07.2026

## QUOTATION NOTICE

കേരള സർക്കാരിന്റെ "ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം" എന്ന പദ്ധതി നടത്തിപ്പിലേക്കായി കേരള സ്റ്റേറ്റ് കയർ കോർപറേഷന്റെ കയർ ഉത്പന്നങ്ങൾ മലപ്പുറം,കോഴിക്കോട്,വയനാട്,കണ്ണൂർ,കാസർഗോഡ് എന്നീ ജില്ലകളിൽ വിതരണം നടത്തുന്നതിനായി താഴെ പറയുന്ന ഇനത്തിലുള്ള വാഹനങ്ങൾ 6 മാസ കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ ആവശ്യമുണ്ട്.

| വാഹന ഇനം | ആവശ്യമായ എണ്ണം |
|---|---|
| 18'/19' EICHER | 2 എണ്ണം |
| TATA 407 | 10 എണ്ണം |
| Beda Dosth/ | |
| തത്തുല്യ അളവിലുള്ള വാഹനങ്ങൾ | 5 എണ്ണം |
| ACE | 2 എണ്ണം |

വാഹനത്തിന്റെ ഇന്ധനം , ഡ്രൈവറുടെ വേതനം , അറ്റകുറ്റ പണികളുടെ ചിലവുകൾ എന്നിവ വാഹന ഉടമകളുടെ പൂർണ ഉത്തരവാദിത്വം ആയിരിക്കും

താല്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷനുകൾ താഴെ പറയുന്ന വിവരങ്ങൾ സഹിതം കമ്പനി മാനേജിങ്ഡയറക്ടർക്ക് 05.08.2026 ഉച്ചക്ക് 12 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

നിബന്ധനകൾ

1. തെരഞ്ഞെടുക്കപ്പെടുന്ന വാഹന ദാതാക്കൾ കമ്പനിയുമായി 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അവകാശം മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും . കൂടുതൽ വിവരങ്ങൾക്ക് 9497272782, 9446778623 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക .

2. വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള പേരിലുള്ള ഉടമകൾക്ക് മാത്രമേ ക്വട്ടേഷനുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.മറ്റു പേരുകളിൽ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

3. ഒന്നിൽ കൂടുതൽ ഇനം വാഹനങ്ങൾ ക്വോട്ട് ചെയ്യുന്നവർ ANNEXURE 01 ടെൻഡർ ഫോം ഓരോ വാഹനത്തിനും വെവ്വേറെ പൂരിപ്പിച്ചു നൽകേണ്ടതാണ്.

4. കമ്പനിയുടെ വിവിധ സ്ഥലങ്ങളിലുള്ള ഡിവിഷനുകളിൽ / ഗോഡൗണുകളിൽ നിന്നും നിർദിഷ്ട സ്ഥലങ്ങളിലേക്കും തിരിച്ചുമുള്ള ചരക്ക് ഗതാഗതത്തിനുമേൽ റേറ്റ് ബാധകമായിരിക്കും.

5. ടോൾ, ജങ്കാർ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്ന പക്ഷം മാത്രം ടി തുകകൾ അനുവദിക്കുന്നതാണ്.

6. വാഹന ഉടമയ്ക്കും ചുമതലപ്പെടുത്തുന്ന ഡ്രൈവർമാർക്കും ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തിയ്യതിയായ 05.08.2026 തിയ്യതിയിൽ പ്രാബല്യത്തിൽ വരത്തക്ക വിധമുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ആയത് ANNEXURE 01- ക്വട്ടേഷൻ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ലഭിക്കുന്ന ടെൻഡറുകൾ തുടർ നടപടികൾക്ക് പരിഗണിക്കുന്നതല്ല.

7. തെരഞ്ഞെടുക്കപ്പെടുന്ന വാഹനങ്ങൾ കമ്പനിയുടെ നിർദ്ദേശ പ്രകാരം നിർദിഷ്ട സ്ഥലത്തും സമയത്തും ഡ്രൈവർ സഹിതം ഓട്ടത്തിന് തയ്യാറായി ഉണ്ടായിരിക്കേണ്ടതാണ്.

8. ഏതെങ്കിലും കാരണവശാൽ കരാർ വാഹനമോ ഡ്രൈവറോ എത്തിച്ചേരുവാൻ പറ്റാത്ത സാഹചര്യം സംജാതമാകുന്ന പക്ഷം പകരം വാഹനം / ഡ്രൈവർ എന്നിവ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

9. വാഹന ഉടമകൾ എല്ലാ കരാർ വ്യവസ്ഥകളും പാലിക്കേണ്ടതും വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സമയാ സമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതുമാണ്.

10. വാഹന ഉപയോഗ സമയത്തു യാതൊരുവിധ ലഹരി വസ്തുക്കളും ഉപയോഗിക്കുവാനോ വാഹനങ്ങളിൽ സൂക്ഷിക്കുവാനോ പാടില്ലാത്തതാകുന്നു. യൂണിഫോം,സീറ്റ് ബെൽറ്റ്,മറ്റു നിയമാനുസൃത കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും പിഴകൾക്കും കമ്പനി യാതൊരു സാഹചര്യത്തിലും ഉത്തരവാദിയാകുന്നതല്ല.ഓട്ടം തുടങ്ങുന്നത് മുതൽ യഥാസ്ഥലത്തു കൃത്യമായി എത്തിക്കുന്നത് വരെയുള്ള വാഹനങ്ങളിലെ കമ്പനിയുടെ ചരക്കുകളുടെ പൂർണ ഉത്തരവാദിത്തം വാഹന ഉടമയ്ക്കു മാത്രം ആയിരിക്കും. ചരക്കുകൾ നിർബന്ധമായും ആവശ്യമായ അളവിലുള്ള ടാർപ്പാള കെട്ടി സുരക്ഷിതമായി കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം സംഭവിക്കുന്ന നഷ്ടം വാഹന ഉടമയിൽ നിന്നും ഈടാക്കുന്നതാണ്.

11.നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്ന വാഹനങ്ങളെ നോട്ടീസ് കൂടാതെ കരാറിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

ഫാക്ടറി മാനേജർ
കേരള സ്റ്റേറ്റ് കയർ കോർപറേഷൻ
ബേപ്പൂർ ഡിവിഷൻ
ബേപ്പൂർ (പി ഒ )
കോഴിക്കോട് -673015
PH:0495 -2414278
E-mail : pm@coircraft.com, coircraft@gmail.com

ANNEXURE 01

# ടെൻഡർ ഫോം

| വാഹനത്തിന്റെ രജിസ്റ്റർ നമ്പർ | വാഹന ഇനം | കിലോമീറ്റർ ചാർജ് | പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| | | | |

1.പേര്

2.വിലാസം

3.ഫോൺ നമ്പർ

4.ആധാർ നമ്പർ

5.വാഹനം എ) ഏതു തരത്തിൽ പെട്ടത്

ബി) രെജിസ്ട്രേഷൻ നമ്പർ & വർഷം

പേര്

ഒപ്പ്

തിയ്യതി

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന ദിവസവും സമയവും : 05.08.2026 12 PM

ക്വട്ടേഷനുകൾ തുറക്കുന്ന സമയവും സ്ഥലവും : 05.08.2026 3.00 PM

കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ലിമിറ്റഡ്
ബേപ്പൂർ ഡിവിഷൻ